**പതിമൂന്നാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**

**നിയമസഭാ ചോദ്യം നമ്പർ : 2493** | **13.02.2013-ൽ മറുപടി നൽകേണ്ടിയിരുന്നത്**

## ഖാസിമാരുടെ നിയമനം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. പി. റ്റി. എ. റഹീം | | ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പുമന്ത്രി) |
| (എ) കേരളത്തിൽ 1880-ലെ ഖാസി ആക്ട് അനുസരിച്ച് ഏതെല്ലാം സ്ഥലങ്ങളിൽ ഖാസിമാരെ നിശ്ചയിച്ചിട്ടുണ്ടെന്നും അവർ ആരെല്ലാമാണെന്നും വ്യക്തമാക്കുമോ ; | : | (എ) 13.11.1990-ലെ ജി.ഒ.(പി.)നമ്പർ:232/90/ലോ എന്ന ഉത്തരവ് പ്രകാരം ഹാജി പി.കെ.എം.അബ്ദുൾ റഹ്മാൻ മഖ്ദൂമിയെ മലപ്പുറം ജില്ലയിൽ തിരൂർ പ്രദേശത്തും, ഖാസി നിയമനം സംബന്ധിച്ച്, 22.11.2010-ലെ ജി.ഒ.(പി.)നമ്പർ:10/10/ലോ എന്ന വിജ്ഞാപന പ്രകാരം ശ്രീ.കെ.വി.ഇമ്പിച്ചിഹമ്മദ് ഹാജിയെ കോഴിക്കോട് ജില്ലയിൽ കോഴിക്കോട് താലൂക്ക് പ്രദേശത്തും, 29.09.2012-ലെ ജി.ഒ.(പി.)നമ്പർ:208/12/ലോ എന്ന നമ്പർ വിജ്ഞാപന പ്രകാരം ഹാജി പി.വി.അബ്ദുൾ അസ്സീസ് മൗലവിയെ മലപ്പുറം ജില്ലയിൽ തിരൂർ താലൂക്കിൽ കുട്ടായി പ്രദേശത്തും ഖാസിയായി നിയമിച്ചിട്ടുണ്ട്. |
| (ബി) ഇവർക്കുള്ള അധികാരം എന്താണ് ; | : | (ബി) മുഹമ്മദൻ നിയമമനുസരിച്ച് ഖാസിക്ക് ഒരു ന്യായാധിപന്റെ അധികാരങ്ങളാണ് ഉള്ളത്. ഖാസിയുടെ അധികാരങ്ങളെക്കുറിച്ചും കർത്തവ്യങ്ങളെക്കുറിച്ചും ഒരു പരിധിവരെ Hedaya Book (ബുക്ക് നമ്പർ XX-ൽ) ആണ് വിവരിച്ചിട്ടുള്ളത്. എന്നാൽ 1880-ലെ ഖാസി ആക്ടിന്റെ 4-ാം വകുപ്പ് പ്രകാരം ഖാസിക്ക് ഭരണപരമോ നീതിന്യായപരമോ ആയ അധികാരങ്ങൾ ഒന്നും തന്നെയില്ല. ഇവരുടെ ചില ചുമതലകൾ താഴെപ്പറയുന്നു:<br>i) celebrating marriages and presiding at divorces ;<br>ii) Performing various rites and ceremonies. |

(മറുപുറം)

(സി) ഒരു സ്ഥലത്ത് ഖാസിയെ നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡം എന്താണ് ;

: (സി) ഒരു പ്രദേശത്തുള്ള ഭൂരിപക്ഷം മുസ്ലീങ്ങളുടെ രേഖാമൂലമുള്ള അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ജില്ലാ കളക്ടർ നൽകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് സർക്കാർ ഖാസിയെ നിയമിക്കുന്നത്.

(ഡി) സർക്കാർ നിശ്ചയിക്കുന്ന ഖാസിക്ക് ഉപഖാസിമാരെ നിശ്ചയിക്കാൻ അധികാരമുണ്ടോ ?

: (ഡി) ഖാസിക്ക് ഉപഖാസിമാരെ നിശ്ചയിക്കാൻ 1880-ലെ ഖാസി ആക്ടിൽ വ്യവസ്ഥയില്ല.

സെക്ഷൻ ഓഫീസർ